ഉത്തരം

(എ) തൃപ്രങ്ങോട്ടൂർ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് 320 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കുവേണ്ടിയുള്ള കിണറും പമ്പ് ഹൗസും ശുദ്ധജലസംഭരണിയും പൂർത്തീകരിച്ചു. ശുദ്ധീകരണശാലയ്ക്കുവേണ്ടിയുള്ള പ്രൊപ്പോസൽ സൂക്ഷ്മ പരിശോധനയിലാണ്.

(സി) പ്രസ്തുത പദ്ധതി 2005 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നെച്ചിത്തല തോട് സംരക്ഷണ പ്രവൃത്തി

84 [1802] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിമണ്ഡലത്തിലെ നെച്ചിത്തല തോട് സംരക്ഷിക്കുന്ന പ്രവർത്തിക്കുള്ള സാങ്കേതികാനുമതിക്കായി മൈനർ ഇറിഗേഷൻ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മഞ്ചേരി മണ്ഡലത്തിലെ നെച്ചിത്തല തോട് സംരക്ഷണ പ്രവൃത്തിക്കായി 7 ലക്ഷം രൂപയുടെ അടങ്കൽ നിർദ്ദേശം സാമ്പത്തികാനുമതിക്കായി പരിഗണനയിലുണ്ട്.

(ബി) &(സി) പ്രസ്തുത പ്രവൃത്തിക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച ശേഷമേ പണി തുടങ്ങുവാൻ കഴിയുകയുള്ളു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

85 [1803] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ ഏതെല്ലാം പ്രവർത്തികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്

ഏറ്റെടുത്ത പണികൾ:

പദ്ധതി സംരക്ഷണം

1. ചാത്തന്നൂർ പഞ്ചായത്തിലെ കുറുങ്ങൽ പമ്പ് ഹൗസിന്റെ ലീഡിംഗ് ചാനൽ നിർമ്മാണം. അടങ്കൽ തുക—4,43,759 രൂപ. പണി പൂർത്തീകരിച്ചു.

2. ആദിച്ചനല്ലൂർ പഞ്ചായത്തിലെ ആദിച്ചനല്ലൂർ എൽ. ഐ. സ്റ്റേഷൻ പദ്ധതി. അടങ്കൽ തുക—57,612 രൂപ. പണി പൂർത്തീകരിച്ചു.

3. ചാത്തന്നൂർ പഞ്ചായത്തിലെ കുറുങ്ങൽ ഏലാ എൽ. ഐ. സ്റ്റേഷന്റെ വാർഷിക പദ്ധതി സംരക്ഷണം. അടങ്കൽ തുക—45,838 രൂപ. പണി പൂർത്തീകരിച്ചു.

4. ആദിച്ചനല്ലൂർ പഞ്ചായത്തിലെ കുണ്ടുമൺ ടാങ്കിന്റെ പുനരുദ്ധാരണം അടങ്കൽ തുക—3,60,000 രൂപ. പണി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമ്പത്തിക ലഭ്യതയ്ക്കും ബന്ധപ്പെട്ട അനുമതിക്കും വിധേയമായി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പണികൾ

പദ്ധതി സംരക്ഷണം

1. നെടുമ്പന പഞ്ചായത്തിലെ പോങ്ങറക്കോണം ഏലായുടെ നടുത്തോട് സംരക്ഷണം.

2. നെടുമ്പന പഞ്ചായത്തിലെ കുളപാടം ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ.

3. നെടുമ്പന പഞ്ചായത്തിലെ പഴവൂർക്കോണം ഏലായുടെ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ (ഇത് നബാർഡിന്റെ സഹായത്തിന് സമർപ്പിക്കുന്ന പുതിയ പദ്ധതികളുടെ കൂട്ടത്തിൽപ്പെടുത്തിയിട്ടുണ്ട്).

തലശ്ശേരി, ന്യൂമാഹി പ്രദേശത്ത് കടൽഭിത്തി നിർമ്മാണം

86 [1804] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി, ന്യൂമാഹി പ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly